# പതിനാലാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1245

02.05.2017 ൽ മറുപടി നൽകേണ്ടിയിരുന്നത്

## നീതി ആയോഗ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കൃഷ്ണൻകുട്ടി<br>ശ്രീ. സി.കെ.നാണു<br>ശ്രീ. കെ.ബി.ഗണേഷ് കുമാർ | ഡോ.കെ.ടി ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
| എ) കേന്ദ്ര സർക്കാരിന്റെ നീതി ആയോഗ് നിർദ്ദേശിച്ച ത്രിവത്സര പദ്ധതി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ എങ്ങനെ ബാധിക്കും; വിശദമാക്കാമോ; | എ) നീതി ആയോഗിന്റെ ത്രിവത്സര പദ്ധതി നിർദ്ദേശങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ബാധിക്കുന്നില്ല. |
| ബി) തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ ത്രിവത്സര ആസൂത്രണം നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; കേന്ദ്ര ഫണ്ട് കിട്ടാൻ നീതി ആയോഗ് മാനദണ്ഡങ്ങൾ പാലിക്കേണ്ടതില്ലേ; | ബി) ദേശീയ തലത്തിൽ കേന്ദ്ര സർക്കാർ പഞ്ചവത്സര പദ്ധതി ഉപേക്ഷിച്ചുവെങ്കിലും കേരളം പതിമൂന്നാം പദ്ധതിയുമായി മുന്നോട്ട് പോകാനാണ് തീരുമാനിച്ചിരിക്കുന്നത്. പഞ്ചവത്സര പദ്ധതിയും അതിനെ അടിസ്ഥാനമാക്കിയുള്ള വാർഷിക പദ്ധതിയും എന്ന സമീപനം തുടരാനാണ് തീരുമാനിച്ചിട്ടുള്ളത്. |
| സി) നീതി ആയോഗിൽ പദ്ധതികൾ സമർപ്പിക്കാൻ പ്രത്യേക ടീം രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; ഈ വിഷയത്തിൽ ആസൂത്രണ ബോർഡ് ശിപാർശ എന്താണ്? | സി) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മോണിറ്ററിംഗിനായി സർക്കാർ ഒരു സെൽ രൂപീകരിച്ചിട്ടുണ്ട്. നീതി ആയോഗിൽ പദ്ധതികൾ സമർപ്പിക്കാൻ പ്രത്യേക ടീം രൂപീകരിക്കുന്നത് സംബന്ധിച്ച് ആസൂത്രണ ബോർഡ് ശിപാർശ നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ